സൈക്കിൾ അത്ഭുതകരമായ കണ്ടു പിടിത്തമാണ്. ഒരേ സമയം ഭാവനയുടെയും യുക്തിയുടെയും കണ്ടുപിടിത്തം.
ഇരുചക്രങ്ങളിൽ ബാലൻസ് ചെയ്തു പോവുന്ന ഭാവനയുടെ സാധ്യതയാണത്. ഇല്ലാത്ത ഒന്നിനെക്കുറിച്ച് ചിന്തിച്ചുണ്ടാക്കുന്നത്.
സൈക്കിളിൽ ഫ്രന്റ് വീലാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്.
ചവിട്ടുന്നത് ബാക്ക് വീൽ. ഉറുമ്പുകൾ സാധനങ്ങൾ കൊണ്ടു പോവുന്നതും
ഇതേ സാങ്കേതിക വിദ്യയാലാണ്. അത്ഭുതകരമായ ഭാവനയില്ലാതെ
സൈക്കിൾ കണ്ടെത്താനാവില്ല തന്നെ.

*- മേതിൽ രാധാകൃഷ്ണൻ.*

സൈക്കിളിന് മാത്രമായി ഒരു കേരളീയം.
ബദൽ ഊർജ ചിന്തകൾക്കായി ലോകമെങ്ങും നീളുന്ന
അന്വേഷണവും കെട്ടു പോവാറായ ഊർജസ്രോതസ്
കോരിക്കുടിക്കാനെത്തുന്ന പുതുപുത്തൻ വാഹനങ്ങളുടെ
പേടിപ്പെടുത്തുന്ന ആധിക്യവുമാണ് സൈക്കിളിലേക്ക്
വഴികൾ തുറന്നത്. ആ വഴികളിലൂടെ തീരെ കുറഞ്ഞ
നേരത്തിനുള്ളിൽ ഓട്ടപ്രദക്ഷിണം നടത്തിയപ്പോൾ
അർത്ഥങ്ങൾ ഏറെ മാറി, സങ്കൽപ്പങ്ങളും.

നമുക്കെന്തായിരുന്നു സൈക്കിൾ എന്നാരാഞ്ഞപ്പോൾ
കുട്ടിക്കാലത്തിലൂടെ മണികിലുക്കി ചില സൈക്കിളുകളെത്തി.
കൂടപ്പിറപ്പിനോടെന്ന വണ്ണം ചില സൈക്കിൾ അടുപ്പങ്ങൾ.
കണ്ടുമുട്ടിയവരിൽ ഏറെപ്പേർക്കും സൈക്കിളിനെക്കുറിച്ച്
പറയാൻ ഏറെയുണ്ടായിരുന്നു. ഓർമ്മകളുടെ സൈക്കിൾ.

അതിവേഗം ബഹുദൂരത്തിന്റെ കാലത്ത്
സൈക്കിൾ എന്താണെന്ന് ആലോചിച്ചപ്പോൾ മുന്നിലെത്തിയത്
വിശപ്പുമാറ്റുന്ന ചില സൈക്കിളുകൾ.. ജീവിതത്തിന്റെ
ടയർത്തേയലുകളിൽ മുന്നോട്ടും പിന്നോട്ടും
അന്നവുമായോടുന്ന ചില ചിത്രങ്ങൾ. സൈക്കിൾ ജീവിതങ്ങൾ.

സൈക്കിളുകളെ തേടി നാടുതെണ്ടിയപ്പോൾ ആലപ്പുഴയിലെത്തി.
പരന്നു കിടക്കുന്ന സൈക്കിൾ കൂട്ടങ്ങൾക്കിടയിൽ,
എന്നോ കളഞ്ഞു പോയ ഒരു മഡ്ഗാഡ് കണ്ടെത്തി.

എല്ലായിടങ്ങളെയും പോലെ സൈക്കിൾ മുഖ്യചാലകമായിരുന്ന
ഒരു ചങ്ങാത്തക്കാലം വഴിയിലെവിടെയോ കണ്ടു.
കോഴിക്കോടിന്റെ ഉച്ചവെയിലുകളിലൂടെ
ഇരുചക്രങ്ങളിൽ പാഞ്ഞ ചങ്ങാതിക്കൂട്ടം.

ഹൈറേഞ്ചിലെ സൈക്കിളിനേയും
പെൺ സൈക്കിളുകളെയും കുറിച്ച ചില പുതിയ തിരിച്ചറിവുകളും
ബദലുകൾ സാധ്യമാക്കുന്ന ഇടങ്ങളെക്കുറിച്ച മറുവായനയും
ചേർന്നപ്പോൾ ഈ സൈക്കിൾ പതിപ്പായി.

സൈക്കിളനുഭവങ്ങളുടെ പെഡൽ
ഇതാ നമുക്ക് മുന്നിൽ.

- എഡിറ്റർ -